## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 1522

11.02.2013 - ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകാൻ വൈമുഖ്യം കാട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിന് ഏരിയ തിരിച്ച് അപേക്ഷകൾ സ്വീകരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇത് നിയമപരമാണോ എന്നും നിയമപരമല്ലായെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത കൈവരുത്താൻ ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ എന്നും വ്യക്തമാക്കുമോ ; | (ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് ഏരിയ തിരിച്ച് അപേക്ഷകൾ സ്വീകരിക്കുന്ന പ്രവണത കേരളത്തിൽ നിർത്തലാക്കുവാൻ 03/01/2013 -ൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇത് കൃത്യമായി നടപ്പിലാക്കാൻ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

(-------2)

| | |
|---|---|
| (സി) വിദ്യാഭ്യാസ വായ്പയ്ക്ക് ഏത് വർഷം വരെയാണ് താഴ്ന്ന വരുമാനക്കാർക്ക് പലിശ ഇളവ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) BPL കുടുംബങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ചതിന് ശേഷം തൊഴിൽ ലഭിക്കാത്തയാളുകൾക്ക് വേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി പദ്ധതിയുടെ ആനുകൂല്യം 01/04/2004 മുതൽ 31/03/2009 വരെ വായ്പ എടുത്ത വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പലിശ സബ്സിഡി 01/04/2009 –നു ശേഷം വായ്പ എടുത്തിട്ടുളള ഗുണഭോക്താക്കൾക്കാണ് ലഭിക്കുക. ഇതിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ